No. 13182/ISWC2/14/WRD

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1714 — 16.06.2014 ൽ മറുപടിയ്ക്ക്

## അന്തർസംസ്ഥാന നദീജലകരാറുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിന് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് അന്തർസംസ്ഥാന നദീജല കരാറുകൾ നിലവിലുള്ളത്; ഇത്തരത്തിൽ എത്ര കരാറുകളാണ് ഉള്ളത്; അവ ഏതൊക്കെയെന്നും ഓരോ കരാറും നിലവിൽ വന്ന തീയതിയും വ്യക്തമാക്കുമോ; | (എ) | കേരളത്തിന് തമിഴ്നാട്ടുമായി 3 നദീജല കരാറുകളാണ് നിലവിലുള്ളത്.<br>1. 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970-ലെ അനുബന്ധകരാറുകൾ എന്നിവയാണ് പെരിയാറിനെ സംബന്ധിച്ച കരാറുകൾ. പെരിയാർ പാട്ട കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.<br>2. 29.05.1970-ൽ കേരളവും തമിഴ്നാടും 09.11.1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം - ആളിയാർ പദ്ധതി (പി.എ.പി.) കരാർ. പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. |

3. 19.08.1973-ൽ ഒപ്പുവച്ച ശിരുവാണി കടിവെളള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുളളത്.

(ബി) ഓരോ കരാർ അനുസരിച്ചും കേരളത്തിന് ലഭിക്കേണ്ടതും നൽകേണ്ടതുമായ വെള്ളത്തിന്റെ അളവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ കരാർ പ്രകാരവും കേരളത്തിന് ലഭിക്കേണ്ടതും, നൽകേണ്ടതുമായ ജലത്തിൻെറ അളവുകൾ ചുവടെ ചേർക്കുന്നു.

1. ജലവിഭജനത്തെ സംബന്ധിച്ച പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

i. പെരിയാർ നദീതടത്തിലെ ആനമലയാറിൽ നിന്നും ഓരോ വർഷവും 2.5 ടി.എം.സി. ജലം പറമ്പിക്കുളം - ആളിയാർ പദ്ധതിയിലേയ്ക്ക് തമിഴ്നാട് തിരിച്ചു വിടേണ്ടതാണ്. ഇപ്രകാരമുളള ജലം തിരിച്ചു വിടൽ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. ഇടമലയാർ പദ്ധതി പൂർത്തിയായതിനു ശേഷമേ ഇതിനു അനുവാദമുളളൂ.

ii. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുളള സ്വാഭാവിക നീരൊഴുക്ക് ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തിരിച്ചുവിടേണ്ടതാണ്. കേരള സർക്കാർ പെരിയാർ നദീതടത്തിൽ വിഭാവനം ചെയ്തിട്ടുളള ജലസംഭരണികൾ പ്രവർത്തിച്ചുതുടങ്ങിയ ശേഷം നീരാർ വിയറിൽ നിന്നുളള ജലം മുഴുവൻ തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിടേണ്ടതാണ്.

iii. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർ ഹൗസിൽ നിന്ന് അളന്നു പുറത്തുവിടേണ്ടതാണ്. ബാക്കി വരുന്ന അധിക ജലവും, നീരാർ, ആനമലയാർ എന്നീനദികളിൽ നിന്ന് തിരിച്ചുവിടുന്ന ജലവും (മേൽ പറഞ്ഞിരിക്കുന്ന അളവുകൾ) തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

iv. ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16.5 ടി.എം.സി. ജലം തമിഴ്നാടിനും അതിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്.

v. കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം കേരള അതിർത്തിയ്ക്കടുത്തുള്ള മണക്കടവു വിയറിൽ ലഭ്യമാക്കേണ്ടതാണ്.

2. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിൽ ഉൾപ്പെട്ട പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളാവശ്യത്തിനായി 1.30 ടി.എം.സി. (1300 എം.സി.എഫ്.ടി.)

അളവിൽ കവിയാത്ത ജലം ശിരുവാണി അണക്കെട്ടിൽ നിന്ന് പ്രതി വർഷം ലഭ്യമാക്കേണ്ടതാണ്. കീഴ്ത്തട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 (five) ക്യൂസെക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിൻെറ ഒഴുക്ക് നിലനിറുത്തേണ്ടതാണ്.

3. പെരിയാർ പാട്ടക്കരാർ പ്രകാരം, മുല്ലപ്പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തുതന്നെ മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ്നാടിന് പാട്ടത്തിനു നൽകി. മേൽപറഞ്ഞ പ്രദേശത്തേയ്ക്കോ, അതിലൂടെയോ അതിൽനിന്നോ ഒഴുകുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

(സി) കരാറുകളനുസരിച്ച് കേരളത്തിനു ലഭിക്കേണ്ട വെള്ളം കൃത്യമായി ലഭിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഏതൊക്കെ കരാറുകളിലാണ് കൃത്യമായി വെള്ളം ലഭിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) യും (ഡി) യും

കേരളത്തിന് പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പറമ്പിക്കുളം - ആളിയാർ പദ്ധതി (പി. എ. പി.) യിൽ നിന്ന് കൊടിയ വരൾച്ച അനുഭവപ്പെട്ട വർഷങ്ങളിലൊഴികെ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം - ആളിയാർ പദ്ധതി

| | | |
|---|---|---|
| | | (പി. എ. പി) യിൽ നിന്ന് ലഭിച്ചിട്ടില്ല. |
| (ഇ) കരാറുകളനുസരിച്ച് കേരളത്തിന് അർഹമായ ജലം ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | കേരളത്തിന് പി. എ. പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിൻെറ (JWRB) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിൻെറ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കിൽ കേരള സർക്കാരിൻെറ ശ്രദ്ധയിൽ പ്രശ്നങ്ങൾ യഥാസമയം കൊണ്ടുവരികയും സർക്കാർതലത്തിലുള്ള സമയോചിതവും ശക്തവുമായ ഇടപെടലുകൾ മുഖേന കേരളത്തിൻെറ ജലവിഹിതം നേടിയെടുക്കുകയും ചെയ്തുവരുന്നു.<br><br>എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം - ആളിയാർ പദ്ധതി (പി. എ. പി) യിൽ നിന്ന് ലഭിക്കാത്തതിനാൽ തമിഴ്നാടിനെതിരായി ബഹു.സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്യുകയുണ്ടായി. തമിഴ്നാടിൻെറ കരാർ ലംഘനങ്ങൾ കേരളം അസ്സൽ അന്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) കരാർലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ അവ റദ്ദാക്കുന്നതിന് സർക്കാരിന് അധികാരം ഉണ്ടോ; ഏതൊക്കെ പദ്ധതികളിലാണ് | (എഫ്) | എഗ്രിമെന്റിൽ ഇതിന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ല. 2012-13 വർഷം പി.എ.പി. കരാർ പ്രകാരമുള്ള ജലം നൽകാത്തതിനാൽ തമിഴ്നാട് കരാർ |

ഇത്തരത്തിൽ കരാർലംഘനം കണ്ടെത്തിയിട്ടുള്ളത്; ലംഘനം ഉണ്ടായപ്പോൾ കരാർ റദ്ദാക്കാൻ എന്തുനടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ എന്തുകൊണ്ട്;

ലംഘനം നടത്തിയിട്ടുണ്ട്. ഏകപക്ഷീയമായി കരാർ റദ്ദാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ജി) സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയിലൂടെ കടന്നുപോകുമ്പോൾ കേരളത്തിന് അർഹമായ ജലം ഉറപ്പാക്കുന്നതിനും കരാർലംഘനം ഉണ്ടായാൽ കരാർതന്നെ റദ്ദാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ജി) നടപ്പ് ജലവർഷത്തി (2013 - 14) ൽ മേയ് അവസാനം വരെ പി.എ..പി. യിൽ നിന്ന് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിച്ചിട്ടുണ്ട്. അർഹതപ്പെട്ട ജലം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലും, സർക്കാർതലത്തിലും കത്തിടപാടുകളിലൂടെയും, ഉഭയകക്ഷിചർച്ചകളിലൂടെയും പ്രശ്ന പരിഹാരത്തിന് മാർഗ്ഗങ്ങൾ കണ്ടെത്തുകയെന്നുള്ളതാണ് ആദ്യ നടപടി. അവസാനമാർഗ്ഗമെന്ന നിലയിൽ നിയമനടപടികൾ സ്വീകരിക്കേണ്ടതായും വരാറുണ്ട്. അർഹതപ്പെട്ട ജലം നേടിയെടുക്കുന്നതിന് മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങളിലൂടെ യഥാസമയം നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ